In the Name of Allah, The Most Gracious, The Most Merciful



# SPEECH 2008

## KHALIFATULLAH

## HAZRAT MUNIR AHMAD AZIM (A)

### FRIDAY 16 MAY 2008 AFTER ESHA PRAYERS IN THE NORTH OF MAURITIUS

**2008 മെയ്മാസം 16-ാം തീയതി വെള്ളിയാഴ്ച ഇശാ നമസ്ക്കാരാനന്തരം ഖലീഫത്തുല്ലാഹ് നല്കിയ പ്രഭാഷണം**

# THE DIVINE DECREE

# *ദൈവീക വിധി/കല്പന*

സലാമിന് ശേഷം ഹസ്രത് മുഹ്യിദ്ദീൻ ഫാത്തിഹ ഓതിയശേഷം തന്റെ പ്രഭാഷണത്തിലേക്ക് പ്രവേശിക്കുകയുണ്ടായി.

മൗറിഷ്യസിലും, ബർമ്മ, ചൈന, ഇൻഡ്യ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്, എന്നതു സംബന്ധമായി അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി.

അല്ലാഹു മനുഷ്യർക്ക് (തന്റെ) കാരുണ്യത്തിൽ നിന്ന് ഏതൊന്നു തുറന്നുവെയ്ക്കുന്നതായാലും അതിനെ പിടിച്ചുനിറുത്തുന്നവരാരുമില്ല. അവൻ ഏതൊന്നിനെ പിടിച്ചുനിറുത്തുവോ അതിനുശേഷം അതു വിട്ടുകൊടുക്കുന്നവനും ആരുമില്ല അവൻ കഴിവുറ്റവനും ബുദ്ധിമാനുമാണ് (സൂറ ; അൽഫാതിർ 35:3)

ഒരു ആപത്തും, അതിന് നാം അസ്തിത്വം നല്കുന്നതിനു മുമ്പേ, ഒരു ഗ്രന്ഥത്തിൽ (ദൈവത്തിന്റെ വിധികളെ സംബന്ധിച്ച്) രേഖപ്പെടുത്തപ്പെട്ടതായിട്ടല്ലാതെ, ഭൂമിയിലോ, നിങ്ങളിൽ തന്നെയോ, സംഭവിക്കുന്നില്ല (സൂറ:അൽഹദീദ് 57:23)

ഇസ്ലാമിലെ വിശ്വാസ പ്രമാണങ്ങളുടെ അന്തിമനിബന്ധന, ദൈവത്തിന്റെ വിധിയിലുള്ള വിശ്വാസമാണ്. ഇത് അറബിയിൽ അറിയപ്പെടുന്നത് **ഖദാവഖദ്ർ** എന്നാണ്. ഇതുകൊണ്ടർത്ഥമാക്കുന്നത് ദൈവം കല്പിച്ചതും അവന്റെ പദ്ധതി അനുസരിച്ചുള്ളതുമായ നടപടിയാണ്.

സർവ്വശക്തനായ സൃഷ്ടാവും സംരക്ഷകനുമായവന്റെ സംവിധാനത്തിലും നിയമത്തിലുമാണ്, എല്ലാ സൃഷ്ടിപ്പ് പദ്ധതികളും! ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്നതെന്തും, അത് ചെറിയ അളവിലുള്ള സംഭവങ്ങളാകട്ടെ! വലിയ അളവിലുള്ള സംഭവങ്ങളാകട്ടെ അവ ഭരിക്കുന്നത്, നിയന്ത്രിക്കുന്നത് ദൈവത്തിന്റെ ഇഛയാൽ മാത്രമാണ്. അവ ഓരോന്നും അവന്റെ അനന്തമായ പദ്ധതിയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഭാഗം തന്നെയാണ്. അവന്റെ കല്പനയില്ലാതെ ഒന്നിനും തന്നെ നിലനില്പില്ല. മാത്രമല്ല യാദൃച്ഛികമായ യാതൊരുവസ്തുവും ഒട്ടില്ല താനും; ഒരു സംഭവവും ഉണ്ടാകുന്നതിനു അവസരവുമില്ല. ഒരു പക്ഷേ ഒരു നല്ല ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാക്കുവാൻ സാധിക്കുന്നതാണ്. അനേകം ആളുകളും വിശുദ്ധഖുർആനിൽ, അല്ലെങ്കിൽ ബൈബിളിൽ, അല്ലെങ്കിൽ ദൈവത്തിൽ നിന്ന് മാനവകുലത്തിന് വെളിപാടുകൾ ലഭിക്കുന്നതിന്റെ സാധ്യത, ഇവയൊക്കെ ചിന്തിക്കുവാൻ പോലും കഴിയാത്ത നിലയിലാണ് അവരെ കാണപ്പെടുന്നത്; അത് തികച്ചും അന്ധവിശ്വാസങ്ങളെന്നും പറഞ്ഞ് അല്ലെങ്കിൽ കെട്ടുകഥകളെന്നും പറഞ്ഞ്, അവർ അവരുടെ ഗ്രഹണകഴിവിന്റെ വെളിച്ചത്തിൽ, അവരുടെ ബോധ്യത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്നു.

ദൈവം മനുഷ്യന്റെ കാര്യത്തിൽ ഇടപെടുകയുമില്ല-മിക്കപ്പോഴും ഇതേ വാദം ആയിരിക്കും അവർ ഈ കാര്യത്തിൽ സ്വീകരിക്കുന്നത്-കാലാരംഭം മുതൽതന്നെ-മനുഷ്യന്റെ അവിശ്വാസത്തിന്-പ്രവാചകന്മാരാൽ കൊണ്ടുവരപ്പെട്ട മാർഗദർശനത്തെയും, മരണനാന്തരജീവിതത്തെയും അതുമായി ബന്ധപ്പെട്ട മറ്റുപലതിനെയും തിരസ്ക്കരിക്കുവാൻ അവർ കണ്ടെത്തിയ മാർഗമിതാണ്.

എന്നാൽ ഒരു മുസ്ലിം മറ്റൊരു രീതിയിലാണ് ഈ കാര്യങ്ങൾ നോക്കിക്കാണുന്നത്. സുവ്യക്തമായും യാഥാർത്ഥ്യമായും ദൈവം ഉണ്ട് എന്ന് അവൻ വിശ്വസിക്കുന്നു. അവൻ തന്റെ എല്ലാ സൃഷ്ടിപ്പിലും എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, ഇടപെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യൻ വസിക്കുന്ന ലോകത്തിലുൾപ്പടെ! നിലവിലുള്ളതെല്ലാം തന്നെ, അല്ലെങ്കിൽ പുതുതായി വന്നുകൊണ്ടിരിക്കുന്നതെല്ലാം തന്നെ (ആയതിനാൽ) അവന്റെ തീരുമാനത്തിന്റെ പ്രതിഫലനമാണ്. ഓരോ ആറ്റത്തിന്റെയും പദാർത്ഥ സ്വഭാവത്തിൽ നിന്ന്, മനുഷ്യചരിത്രത്തിന്റെ വലിയ അളവിലുള്ള സംഭവങ്ങളിലേക്കും പ്രാപഞ്ചിക ഘടനയുടെ സംഭവങ്ങളിലേക്കും വഴിതുറന്നു, ഇതെല്ലാം അവന്റേതു മാത്രമായിരിക്കെ,

അവന്റെ അനുവാദത്തോടെയും അവന്റെ വിധിയിലൂടെയും, എല്ലാം തീരുമാനിക്കപ്പെട്ടിരിക്കുന്നു. മറ്റാരുടെ എങ്കിലും ഇടപെടലിലൂടെയോ, അല്ലെങ്കിൽ അമാനുഷികമായ നടപടികളിലൂടെയോ, അല്ലെങ്കിൽ ക്രമരഹിതമായ നിലയിലോ, ഉദ്ദേശവും ലക്ഷ്യവുമില്ലാതെ യാദൃശ്ചികമായി ഉണ്ടായതാണെന്ന് മനസ്സിലാക്കുവാനുമുള്ള യാതൊരുടിസ്ഥാനവുമില്ല. അത് ഈ പ്രാപഞ്ചിക പ്രകൃതിയിൽ സംഭവിക്കുന്നതായാലും ശരി, മാനവലോകത്തു സംഭവിക്കുന്നതായാലും ശരി.

മനുഷ്യജീവിതത്തിൽ, സന്തോഷങ്ങളും സന്താപങ്ങളും ഒരുപോലെയുണ്ട്. അവർക്കിടയിലുണ്ടാകുന്ന സംഭവങ്ങൾ, അതിന് തുല്യനിലയിൽ ഒരു ലക്ഷ്യമുണ്ടായിരിക്കും, ഒർത്ഥമുണ്ടായിരിക്കും, അവന്റെ സൃഷ്ടികളിൽ അനന്തമായ ദൈവത്തിന്റെ ബുദ്ധിപരമായ പദ്ധതിയിൽ, അതിനൊരു ഭാഗമുണ്ടായിരിക്കും.

ഒരു മുസ്ലിമിന്, ഇത്തരം ഒരു വിശ്വാസം പകർന്നു നല്കുന്നത്, വളരെ വലിയ അളവിലുള്ള ആന്തരിക ബലമാണ്. ആത്മവിശ്വാസമാണ്. മനഃസമധാനമാണ്. വിശിഷ്യാ മഹായാതനകളെ അഭിമുഖീകരിക്കുന്നതിൽ! കാരണം അവനറിയാം, അതിബുദ്ധിമാനും കരുണാമയനുമായ ദൈവത്തിന്റെ നിയന്ത്രണത്തിലാണ് എല്ലാ കാര്യങ്ങളെന്നും, അതുപോലെ അവന്റെ ജീവിതസാഹചര്യത്തിന്റെ നിയന്ത്രണവും, സംവിധാനവും അവന്റെ കരങ്ങളിലാണെന്നും അതിന് ഒരു ഉദ്ദേശ്യവും ഒരു ലക്ഷ്യവും ഉണ്ടായിരിക്കുമെന്നും അവൻ ദൃഢമായി വിശ്വസിക്കുന്നു.

അതുമാത്രമല്ല, അവൻ ജീവിക്കുന്നത് ഒരു ഉറപ്പിൻമേലാണ്. ഏതൊരു വ്യക്തിയിൽ നിന്ന് തനിക്ക് എന്തുതന്നെവന്നാലും, മരണം ഉൾപ്പെടെ, അതു നിശ്ചയിച്ചിരിക്കുന്ന സമയത്തു നിന്ന് ഒരല്പം പോലും പിന്തിക്കുവാൻ കഴിയുകയില്ല. യാതൊരു രീതിയിലും അത് മാറ്റിവെയ്ക്കപ്പെടുവാനും കഴിയുകയില്ല. അതുപോലെ ദൈവം വിധിച്ചിട്ടില്ലാത്ത കാര്യം എന്തുതന്നെ ആയാലും ഒരു വിധത്തിലും വീപരീതമായി അവന്റെ മേൽ ഏല്പ്പിക്കുവാനും കഴിയുകയില്ല.

ഈ ആന്തരിക ചങ്കുറപ്പ്, ആരെഎങ്കിലും ഭയപ്പെടുന്നതിൽ നിന്നും അവനെ സ്വതന്ത്രനാക്കുന്നു; ഏതെങ്കിലും ഒരു വസ്തുവിനെ ഭയപ്പെടുന്നതിൽ നിന്നും അവനെ സ്വതന്ത്രനാക്കുന്നു; ദൈവത്തെ അല്ലാത്ത മറ്റൊന്നിനേയും ഭയപ്പെടാത്ത ഒരവസ്ഥയിലേക്ക് അവനെ നയിക്കുന്നു. കാരണം അവന്റെ അനുവാദമില്ലാതെ അവനെന്തെങ്കിലും നന്മ വരുത്തുവാനോ, ഒരു തിന്മ വരുത്തുവാനോ ഒരാൾക്കും ഒരു നേരിയ കഴിവു

പോലുമില്ല എന്നവനറിയുന്നു. ദൈവം അവന് എന്തെങ്കിലും നന്മ ചെയ്യുവാൻ ഉദ്ദേശിച്ചാൽ, വിധിച്ചാൽ, അത് അവനിൽ നിന്നും മാറ്റുവാൻ ഒരാൾക്കും സാധിക്കുകയില്ല. അതേസമയം അവൻ ആർക്കെങ്കിലും ഒരു ബുദ്ധിമുട്ടുവരുത്തുവാൻ ഉദ്ദേശിച്ചാൽ/വിധിച്ചാൽ, അവനല്ലാതെ, മറ്റാർക്കും തന്നെ അത് നീക്കുവാനും സാധിക്കുകയില്ല. വിശുദ്ധഖുർആൻ ഇക്കാര്യം സംക്ഷിപ്തമായി പ്രകടിപ്പിക്കുന്നത് കാണുക. നീ പറയുക! പരമകാരുണികനായ അല്ലാഹുവിന്റെ പിടിത്തത്തിൽ നിന്ന് രാത്രിയും പകലും നിങ്ങളെ ആര് കാത്തുരക്ഷിക്കും? പക്ഷേ, അവർ എന്നെ (ദൈവത്തെ) സ്മരിക്കുന്നതിൽ നിന്ന് മുഖം തിരിച്ചു കളയുന്നവരാണ്. നമ്മെ കൂടാതെ അവരെ രക്ഷിക്കുന്ന വല്ല ദൈവങ്ങളും അവർക്കുണ്ടോ? അവർക്ക് തങ്ങളെത്തന്നെ സഹായിക്കുവാൻ സാധ്യമല്ല. നമുക്കെതിരിൽ അവർക്ക് ഒരു കൂട്ടുകാരും ഏർപ്പെടുത്തപ്പെടുകയുമില്ല.

(അൽഅമ്പിയാഅ് 21:43-44)

പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. നിങ്ങൾ എന്തെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ അത് ദൈവത്തോട് ആവശ്യപ്പെടുക. നിങ്ങൾ എന്തെങ്കിലും സഹായം തേടുന്നുവെങ്കിൽ അത് ദൈവത്തോട് തേടുക. അറിയുക, ജനങ്ങളെല്ലാവരും ചേർന്ന് നിങ്ങൾക്ക് എന്തെങ്കിലും പ്രയോജനങ്ങൾ ചെയ്തു തരുകയാണെങ്കിൽ, അത് അല്ലാഹു(ത) ഉദ്ദേശിച്ചത് മാത്രമായിരിക്കും. ഇനി ജനങ്ങളെല്ലാവരും ചേർന്ന് നിങ്ങൾക്കെന്തെങ്കിലും പ്രയാസം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ, അത് അല്ലാഹു(ത) ഉദ്ദേശിച്ചതു മാത്രമായിരിക്കും. (ഹദീസ്)

പ്രയോജനം ചെയ്യുവാനുള്ള ഉറവിടവും പ്രയാസം വരുത്തുവാനുള്ള ഉറവിടവും ദൈവം മാത്രമായിരിക്കും. അവനല്ലാത്ത ആരിലേക്കെങ്കിലും തിരിയുകയാണെങ്കിൽ, അല്ലെങ്കിൽ എന്തിലേക്കെങ്കിലും തിരിയുകയാണെങ്കിൽ, സംരക്ഷണത്തിനും സഹായത്തിനുമായി, മറ്റെല്ലാം തന്നെ അവന്റെ സഹായം തേടുന്നവരാണ്, തേടുന്നവയാണ്. അപ്പോൾ നിങ്ങളുടെ ഈ തേടൽ ഫലരഹിതമാണ്; ദൈവത്തിനു മാത്രമുള്ള ഗുണവിശേഷത്തെ നിങ്ങൾ മറ്റുള്ളവരിൽ ചാർത്തിക്കൊടുക്കുകയാണ് ചെയ്യുന്നത്. യാഥാർത്ഥ്യത്തിന്റെ ശരിക്കുമുള്ള ആശയത്തെ നിങ്ങൾ പിച്ചിച്ചീന്തുകയാണ്.

ഏതു സാഹചര്യത്തിലായാലും ശരി, ഇസ്ലാം പഠിപ്പിക്കുന്നത്, ഒരു മനുഷ്യന്റെ ജോലി, നിഷ്ക്കളങ്കമായ പ്രയത്നം ചെയ്യുക എന്നതാണ്,

അവന് കഴിയുന്ന ഏറ്റവും നല്ല പ്രയത്നങ്ങൾ, മിക്കപ്പോഴും തെറ്റായനിലയിൽ പ്രസ്താവിക്കുന്നതു പോലെയാകരുത്, വെറുതെ ഒന്നും ചെയ്യാതെ ഇരിക്കുക, എന്നിട്ട് കാര്യങ്ങൾ സാങ്കല്പികമായ നിലയിൽ വിധി പോലെ വരട്ടെ, അല്ലെങ്കിൽ നമ്മുടെ തലയിൽഎഴുത്തങ്ങനെയാണ്! എന്ന് പഞ്ഞിരിക്കുക. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം, അവനറിയില്ല, അവന് അറിയുവാൻ കഴിയുകയുമില്ല, അവന്റെ വിധി എവിടെയാണുള്ളതെന്ന്! എങ്ങനെയാണുള്ളതെന്ന്! സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും തന്റെ കഴിവുകൾ ഉപയോഗിച്ച് തീർക്കേണ്ടതാണ്; എന്താണോ ഒഴിച്ചുകൂടാൻ കഴിയാത്തത് അത് സംഭവിക്കുന്നു. ആ വിധിയെ ഞാൻ നേരിട്ടു എന്ന് അവന് പറയുവാൻ കഴിയുകയില്ല.

എന്നാൽ അല്ലാഹു(ത) അവൻ എന്താണോ ഉദ്ദേശിക്കുന്നത് അത് തീരുമാനിക്കുമ്പോൾ ഒന്നിനുപുറകെ ഒന്നായി, അവൻ ചെയ്ത പ്രയത്നങ്ങൾക്ക്, എന്താണോ വരുന്നത്, അത് ക്ഷമാപൂർവ്വം സ്വീകരിക്കുക. പ്രസ്തുത സ്വീകരണം അവനിൽ ഭരമേല്പിച്ചു കൊണ്ടായിരിക്കണം. അവന്റെ അത്യാഗാധമായ അറിവിനാൽ, അവൻ എന്താണോ നമുക്ക് നല്കുവാൻ അനുയോജ്യമായത് തെരഞ്ഞെടുത്തത്, അത് നാം പ്രതീക്ഷാപൂർവ്വം, നന്മയുടെ ഉറവിടമായിരിക്കുമെന്നും, അങ്ങേഅറ്റം അനുഗ്രഹപ്രദമായിരിക്കുമെന്നും തെളിയിക്കപ്പെടുകയും, വരാനുള്ള ജീവിതത്തിലെ വിശാലമായ കാഴ്ചപ്പാടിൽ അതായിരിക്കും ശരി എന്നും കരുതി സമാധാനിക്കുക.

വിധിയിലുള്ള വിശ്വാസം, അങ്ങനെ അത്, ഒരു വിശ്വാസ പ്രസ്താവനയാണ്, എല്ലാ അർത്ഥത്തിലും എല്ലാ ലക്ഷ്യത്തിലും! അത് ഒരു മുസ്ലിമിന്റെ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഭാഗമാണ്. അവന്റെ ബുദ്ധി ആവശ്യപ്പെടുന്ന സമ്പൂർണ്ണമായ ഭരമേല്പിക്കലാണത്, ആശ്രിതത്വമാണത്, സമർപ്പണമാണത്, അവന്റെ സൃഷ്ടാവിന്റെ മുൻപിലുള്ള പരിപൂർണ്ണ കീഴടങ്ങൽ! ഈ വിഷയം സംബന്ധമായി കൂടുതൽ എനിക്കു പറയുവാനുണ്ട്. ഇൻശാ അല്ലാഹ്! ഈ വിഷയം സംബന്ധമായി ആഴത്തിൽ പറയുവാനുണ്ട്. അതു തുടരുന്നതാണ്.


ഈ അടിസ്ഥാന വിശ്വാസങ്ങളിലാണ് ഇസ്ലാമിക വിശ്വാസം കുടികൊള്ളുന്നത്.

1. ദൈവം ഏകാനാണ് എന്നത്
2. മാനവകുലത്തിന് വഴികാട്ടുന്നതിനായി നല്കിയ വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

3. ദൈവദൂതന്മാരിലുള്ള വിശ്വാസം
4. അവന്റെ മാലാഖമാരിലുള്ള വിശ്വാസം
5. പാരത്രിക ലോകത്തിലെ വിശ്വാസം
6. പുനരുത്ഥാനത്തിലും വിധിനാളിലുമുള്ള വിശ്വാസം
7. സ്വർഗത്തിലും നരകത്തിലുമുള്ള വിശ്വാസം, അവന്റെ (ദൈവത്തിന്റെ) അതിബുദ്ധിയാലും അതികഴിവിനാലുമുള്ള വിധി)

പ്രവാചകൻ തന്റെ റബ്ബിൽ നിന്നും അവതരിപ്പിച്ചതിൽ വിശ്വസിക്കുന്നു. അതുകൊണ്ട് വിശ്വാസികളും അത് വിശ്വസിക്കുക. അവരെല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നു, അവന്റെ മാലാഖമാരിൽ വിശ്വസിക്കുന്നു, അവന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നു, അവന്റെ ദൂതന്മാരിൽ വിശ്വസിക്കുന്നു, ദൂത്മാർക്കിടയിൽ അവർ ഒരു വ്യത്യാസവും കല്പിക്കുന്നില്ല, അവർ പ്രാർത്ഥിക്കുന്നു. ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു, നീ ഞങ്ങൾക്ക് മാപ്പ് ചെയ്താലും, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്ര നിന്നിലേക്ക് മാത്രമാണ്. (2:286)

ആകാശഭൂമികളുടെ സൃഷ്ടാവായ, ഒരേ ഒരു രക്ഷിതാവിനെ ആരാധിക്കുവാനായി,മാനവന്റെ ഹൃദയം അല്ലാഹു(ത) തുറക്കട്ടെ! നമ്മെ എല്ലാവരെയും അറിവ്കൊണ്ട് അവൻ അനുഗ്രഹിക്കട്ടെ! അങ്ങനെ എല്ലാവിധ ശിക്ഷകളും നമ്മിൽ നിന്നും നീങ്ങി പോകട്ടെ! ഇൻശാ അല്ലാഹ് ! ഇന്ന് ലോകം അഭിമുഖീകരിക്കുന്ന അടിയന്തിര സ്വഭാവമുള്ള സാഹചര്യത്തെക്കുറിച്ച്, നാമെല്ലാവരും ബോധവാന്മാരാണെങ്കിൽ, അത് മഹാവിപത്തുകളാണ്, അപ്പോൾ, നാം ഈ ലോകവുമായുള്ള ബന്ധം മാറ്റിവെച്ചിട്ട്, പകരം നാം നമ്മുടെ സൃഷ്ടാവിലേക്ക് തിരിയുക, അവനെമാത്രം ആരാധിക്കുക, അങ്ങനെ ആയാൽ അവൻ എല്ലാവിധ വിപത്തുകളും, തിന്മകളും, നമ്മിൽ നിന്നും മാറ്റി നമ്മെ സംരക്ഷിക്കുന്നതാണ്. ആമീൻ. ഇൻശാ അല്ലാഹ് ആമീൻ!



***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***